## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 360** — **24.06.2014-ൽ മറുപടിയ്ക്ക്**

# സപ്ളൈ ചെയിൻ മാനേജ്മെൻറ് സംവിധാനം

**ചോദ്യം**

ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. സി. കൃഷ്ണൻ :

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) വൈദ്യുതി ബോർഡിൽ ആവശ്യമായ ഉപകരണങ്ങളും സാധന സാമഗ്രികളും ലഭ്യമാക്കുന്നതിന് കേന്ദ്രീകൃതമായി നടപ്പാക്കപ്പെട്ട സപ്ളൈ ചെയിൻ മാനേജ്മെൻറ് സംവിധാനത്തിൻെറ നിലവിലുള്ള അവസ്ഥ എന്താണ് ; | (എ) വൈദ്യുതി ബോർഡിൽ ആവശ്യമായ ഉപകരണങ്ങളും സാധന സാമഗ്രികളും ലഭ്യമാക്കുന്നതിന് കേന്ദ്രീകൃതമായി നടപ്പാക്കപ്പെട്ട സപ്ലൈ ചെയിൻ മാനേജ്മെന്റ് — സംവിധാനം വിതരണ മേഖലയിലെ ബന്ധപ്പെട്ട എല്ലാ ഓഫീസുകളിലും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. പ്രസരണ മേഖലയിൽ പ്രസ്തുത പദ്ധതി വിതരണ മേഖലയിലെ പ്രവർത്തന ക്ഷമതയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഉല്പാദന മേഖലയിലും പ്രസ്തുത സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് റിവേഴ്സ് ലോജിസ്റ്റിക്സ്, വെണ്ടർ ഐഡിൻറിഫിക്കേഷൻ തുടങ്ങിയ നടപടികൾ പൂർത്തിയായിട്ടുണ്ടോ ; ഇതിൽ എന്തു തടസ്സമാണ് നിലവിലുള്ളത് വ്യക്തമാക്കുമോ ; | (ബി) റിവേഴ്സ് ലോജിസ്റ്റിക്സ് പരീക്ഷണാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട സർക്കിളുകളിലും, ഡിവിഷനുകളിലും നടപ്പിലാക്കിയിട്ടുണ്ട്. പടിപടിയായി എല്ലാ ഓഫീസുകളിലേയ്ക്കും വ്യാപിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ട്.<br><br>വെണ്ടർ ഐഡന്റിഫിക്കേഷൻ നടപടികളുടെ ആദ്യപടിയായി പ്രധാന ഉപകരണങ്ങളും സാധന സാമഗ്രികളുമായ വിതരണ ട്രാൻസ്ഫോർമർ, എ.ബി. സ്വിച്ച്, സർവ്വീസ് വയർ, ഇൻസുലേറ്റർ |

തുടങ്ങിയവയുടെ വെണ്ടർ ഐഡന്റിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കുകയും അതുവഴി മേൽപ്പറഞ്ഞ സാധന സാമഗ്രികൾ വാങ്ങിക്കൊണ്ടിരിക്കുകയും ചെയ്തു വരുന്നു.

അടുത്ത പടിയായി വിതരണ, പ്രസരണ വിഭാഗങ്ങൾക്ക് ആവശ്യമായ പ്രധാനപ്പെട്ട ഉപകരണങ്ങളുടെയും സാധന സാമഗ്രികളുടെയും വെണ്ടർ ഐഡന്റിഫിക്കേഷൻ നടപടികൾ കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ സി.പി.ആർ.ഐ ബാംഗ്ലൂരിന്റെ സഹായത്തോടെ പുരോഗമിക്കുന്നു. അത് പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് സാധനങ്ങളും ഈ വെണ്ടർമാർ വഴി വാങ്ങുന്നതാണ്. മേൽപ്പറഞ്ഞ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് നിലവിൽ മറ്റ് തടസ്സങ്ങൾ ഒന്നുമില്ല.

| | | | |
|---|---|---|---|
| (സി) | എ. ബി. സ്വിച്ച്പോലുള്ള അത്യാവശ്യ സാമഗ്രികൾ പോലും ഇല്ലാത്തതിനാൽ ചാർജ്ജ്ചെയ്യാതെ കിടക്കുന്ന ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ ഉണ്ടോ ; ഇത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (സി) | ഉണ്ട്. ഇത് പരിഹരിക്കുന്നതിനു വേണ്ടി Local Purchase മുഖേന അടിയന്തിരമായി എ.ബി. സ്വിച്ച് പോലുള്ള അത്യാവശ്യ സാമഗ്രികൾ വാങ്ങി സ്ഥാപിക്കുന്നതിന് വിതരണ വിഭാഗം ചീഫ് എൻജിനീയർ/ഡെപ്യൂട്ടി ചീഫ് എൻജിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**